ഖുത്ബ
**26.11.2004**
ബയ്ത്തുൽ ഫുത്തൂഹ്,
ലണ്ടൻ.

بسم الله الرحمن الرحيم

# അല്ലാഹുവിനോട് പ്രാർത്ഥിക്കുന്നവൻ വെറും കൈയോടെ മടങ്ങുകയില്ല.

أَلَمْ يَعْلَمُوا أَنَّ اللَّهَ هُوَ يَقْبَلُ التَّوْبَةَ عَنْ عِبَادِهِ وَيَأْخُذُ الصَّدَقَاتِ وَأَنَّ اللَّهَ هُوَ التَّوَّابُ الرَّحِيمُ

"അല്ലാഹു തന്നെയാണ് തന്റെ ദാസന്മാരിൽ നിന്ന് പശ്ചാത്താപം സ്വീകരിക്കുകയും ദാനധർമ്മങ്ങൾ വാങ്ങുകയും ചെയ്യുന്നതെന്നും, അല്ലാഹു തന്നെയാണ് ഏറെ പൊറുക്കുന്നവനും കരുണാമയനുമെന്നും അവർ മനസ്സിലാക്കിയിട്ടില്ലേ?" (9:104)

തഹ്‌രീകെ ജദീദിന്റെ പുതുവത്സരദിനത്തോടനുബന്ധിച്ച് ചെയ്ത ഖുത്ബയിൽ മക്കളില്ലാത്ത ചില സ്ത്രീകൾ ഇല്ലാത്ത മക്കൾക്കുവേണ്ടിയും ചന്ദ കൊടുക്കാൻ തുടങ്ങിയിരിക്കുന്നുവെന്ന് ഞാൻ പറഞ്ഞിരുന്നു. രണ്ടോ മൂന്നോ നാലോ കുട്ടികളുടെ പേരിൽ ചന്ദ കൊടുക്കുന്നതിന്റെ ഫലമായി അല്ലാഹു തആല അത്രയും കുട്ടികളെ അവർക്കു നല്കി. ഇതിന്റെ അടിസ്ഥാനത്തിൽ ചില കത്തുകൾ ഇവിടെ വന്നിട്ടുണ്ട്. ഒന്ന് മറ്റൊന്നിനോട് സാദൃശ്യമുള്ളതാണ് ആ കത്തുകൾ. 'കുട്ടികളില്ലാത്തവർ ഇല്ലാത്ത കുട്ടികളുടെ പേരിൽ ചന്ദ കൊടുക്കാൻ തുടങ്ങിയാൽ തീർച്ചയായും കുട്ടികൾ ഉണ്ടാകുമെന്ന് താങ്കൾ പറഞ്ഞിരുന്നു. അതുകൊണ്ട്, കുട്ടികളുടെ പേരിൽ ചന്ദ കൊടുക്കാൻ വേണ്ടി ഞങ്ങളുടെ കുട്ടികൾക്ക് അങ്ങ് പേരുകൾ നിർദ്ദേശിച്ചുതന്നാലും. കാരണം പേരില്ലാതെ ചന്ദ കൊടുക്കാൻ കഴിയുകയില്ലല്ലോ' എന്നൊക്കെയാണ് ആ കത്തുകളിൽ പരാമർശിച്ചിട്ടുള്ളത്. ഇതിനെ സംബന്ധിച്ച് ഒന്നാമതായി പറയാനുള്ളത് തീർച്ചയായും കുട്ടികൾ ഉണ്ടാകുമെന്ന് ഞാൻ ഒരിക്കലും പറഞ്ഞിട്ടില്ല എന്നാണ്. ചിലയാളുകൾ ദുആ ചെയ്യുകയും സദഖ നല്കുകയും ചന്ദ കൊടുക്കുകയും ചെയ്യുന്നതിന്റെ അനുഗ്രഹത്താൽ അഹ്മദികളോട് അല്ലാഹു ഇങ്ങനെ പെരുമാറുന്നുവെന്ന് കാണിച്ചു കൊടുക്കാനായി പെട്ടെന്ന് അവർക്ക് ചില കാഴ്ചകൾ കാണിക്കുന്നുവെന്നാണ് ഞാൻ പറഞ്ഞത്. എനിക്ക് അവകാശമില്ലാത്തത് ഞാൻ എങ്ങനെ പറയാനാണ്! അല്ലാഹു അത് വ്യക്തമാക്കിയിട്ടുള്ളതുമാണ്. അല്ലാഹു പറയുന്നത് ഞാൻ ചിലർക്ക് ആൺകുട്ടികളെയും ചിലർക്ക് പെൺകുട്ടികളെയും ചിലർക്ക് ആൺകുട്ടികളെയും പെൺകുട്ടികളെയും ഇടകലർത്തിയും നല്കുന്നു എന്നാണ്. ചില സ്ത്രീകൾക്ക് മക്കൾ ഉണ്ടാകുകയുമില്ല. അതുകൊണ്ട്, ഞാൻ പറയാത്ത കാര്യം പറഞ്ഞുവെന്ന് പറയാതിരിക്കുക. അങ്ങനെ പറയുക എന്നത് അല്ലാഹുവിന്റെ കല്പനയ്ക്ക് വ്യക്തമായും എതിരാണ്. അതിനാൽ കാര്യങ്ങൾ ഒന്നാമതായി ശ്രദ്ധിച്ചുകേൾക്കേണ്ടതാണ്. പിന്നീട് എഴുതുന്നുവെങ്കിൽ ആലോചിച്ച് ശരിയ്ക്ക് ചിന്തിച്ച്, സാക്ഷ്യപ്പെടുത്തിയതിനുശേഷം എഴുതുക. ചന്ദ കൊടുക്കുന്നതിന് പേരുവയ്ക്കേണ്ട ആവശ്യമൊന്നുമില്ല. സന്തോഷത്തോടെ കുട്ടികൾക്കുവേണ്ടി ചന്ദ കൊടുക്കാനാഗ്രഹിക്കുന്നവർ, കുട്ടികൾക്കുവേണ്ടി എന്നു പറഞ്ഞ് ചന്ദ കൊടുക്കാവുന്നതാണ്.

അല്ലാഹുവിന്റെ അനുഗ്രഹവും പെരുമാറ്റവും കേവലം തഹ്‌രീകെ ജദീദ്, വഖ്ഫെ ജദീദ് അല്ലെങ്കിൽ പ്രത്യേകമായ എന്തെങ്കിലും ചന്ദയുമായി ബന്ധപ്പെട്ടതല്ല. വിവിധ ജനങ്ങളോടു വിവിധ രീതിയിലാണ് അല്ലാഹു പെരുമാറുന്നത്. കുറച്ചുദിവസം മുമ്പേ ആരോ എനിക്കെഴുതി: ഞങ്ങൾക്കു കുട്ടികളുണ്ടായിരുന്നില്ല. ചികിത്സ നടത്താൻ ശ്രമിച്ചു. വലിയ ചെലവുള്ള ചികിത്സയായിരുന്നു അത്. ആയിരക്കണക്കിന് 'യൂറോ' അതിനു ചെലവു വരുമായിരുന്നു. ഇത്ര വലിയ തുക ചികിത്സയ്ക്കായി താൻ ചെലവഴിക്കുകയില്ലെന്ന് ഭർത്താവ് പറഞ്ഞു. പള്ളിയ്ക്കുവേണ്ടി ചന്ദ കൊടുക്കുന്നതാണ് അതിനെക്കാൾ ഉത്തമം; അല്ലാഹു തആല അതിന്റെ അനുഗ്രഹത്താൽ നമുക്ക് സന്താനങ്ങളെ നല്കിയേക്കാം. ഭാര്യയും ഭർത്താവും ആ പണം പള്ളിയ്ക്കു വേണ്ടി കൊടുത്തു. അനേക വർഷങ്ങൾക്കു ശേഷം ഇപ്പോൾ അല്ലാഹു തആല, അവർക്ക് കുട്ടികൾ ഉണ്ടാകാൻ പോകുന്നു എന്ന സന്തോഷവാർത്ത നല്കി അനുഗ്രഹിച്ചിരിക്കുന്നു. ഒന്നല്ല, ഇരട്ടക്കുട്ടികൾ ഉണ്ടാകുമെന്നാണ് കരുതുന്നത്. ഇതും തന്റെ ദാസരോടുള്ള അല്ലാഹുവിന്റെ പെരുമാറ്റമാണ്. അല്ലാഹു തആല സുഖകരമായ നിലയിൽ അവർക്ക് മക്കളെ കൊടുക്കുമാറാകട്ടെ.

തന്റെ ദാസരോടുള്ള അല്ലാഹുവിന്റെ പെരുമാറ്റമാണിത്. ആരുടെയെങ്കിലും എന്തെങ്കിലും പ്രവൃത്തി അവനിഷ്ടപ്പെടുന്നു; അവൻ അനുഗ്രഹം ചെയ്യുന്നു. ചിലരുടെ മറ്റെന്തെങ്കിലും പ്രവൃത്തിയായിരിക്കും അവനിഷ്ടപ്പെടുന്നത്. നിബന്ധനവെച്ചുകൊണ്ട് ഒരിക്കലും അതിൽ ഉറച്ചു നില്ക്കരുത്. കാരണം ചിലപ്പോൾ ഇതും ഈമാൻ നഷ്ടപ്പെടുന്നതിന് കാരണമാകാം. ഈ ഭാര്യഭർത്താക്കന്മാരുടെ ഈമാൻ നിങ്ങൾ നോക്കുക. പള്ളിയ്ക്കു ചന്ദ കൊടുത്താൽ തീർച്ചയായും തങ്ങൾക്കു മക്കളുണ്ടാകു

മെന്ന് അവർ ഒരിക്കലും പറഞ്ഞില്ല. അവർ പറഞ്ഞത്, ചന്ദ കൊടുക്കുക, മക്കളെ തരാൻ അല്ലാഹു ഉദ്ദേശിച്ചിട്ടുണ്ടെങ്കിൽ ചികിത്സ കൂടാതെയും അല്ലാഹുവിന് മക്കളെ തരാൻ കഴിയുമെന്നാണ്. ഞാൻ പറഞ്ഞതുപോലെ, ഇത് ഓരോരുത്തരോടുമുള്ള അല്ലാഹുവിന്റെ പെരുമാറ്റമാണ്. അതിനാൽ ചന്ദ കൊടുക്കുകയും ദാനധർമ്മങ്ങൾ ചെയ്യുകയും ചെയ്താൽ നമ്മുടെ ആഗ്രഹങ്ങൾ അനുസരിച്ചുതന്നെ നമ്മുടെ ദുആയും ഇഷ്ടവും അല്ലാഹു സ്വീകരിക്കുമെന്ന് കരുതി ഒരിക്കലും ഉറച്ചിരിക്കരുത്.

ഞാൻ ദുആകളേയും സദഖകളെയും സ്വീകരിക്കുന്നുവെന്ന് അല്ലാഹു പറയുന്നു. പക്ഷെ, അവനിലേക്ക് കുനിയുകയും സ്വന്തം ബലഹീനതകളിൽനിന്നും അയോഗ്യതകളിൽ നിന്നും രക്ഷപ്പെടാൻ ശ്രമിക്കുമെന്ന് പ്രതിജ്ഞ ചെയ്യുകയും ചെയ്യുന്നവരുടെ ദുആകളും സദഖകളുമാണ് അവൻ സ്വീകരിക്കുന്നത്. ഒരു ചുവട് അല്ലാഹുവിലേക്ക് വെച്ചാൽ രണ്ടു ചുവട് അല്ലാഹു ദാസനിലേക്ക് അടുക്കുന്നു. വേഗത്തിൽ ദാസൻ അവനിലേക്കു നടന്നാൽ അവൻ ദാസനിലേക്ക് ഓടി വരുന്നു എന്ന് ഹദീസിൽ പറഞ്ഞിട്ടുള്ളതുപോലെ, അവന്റെ മാർഗ്ഗത്തിൽ പരിശ്രമിക്കുന്നവരെ അല്ലാഹു സഹായിക്കുന്നതാണ്. ദാസൻ തന്നിലേക്ക് നടന്നുവരുന്നത് അല്ലാഹു കാണുമ്പോൾ ഒരുപാട് കരുണ ചെയ്യുന്നവനായ അല്ലാഹു എത്രയും പെട്ടെന്ന് തന്റെ കരുണ പ്രകടിപ്പിക്കുന്നു. എപ്പോഴാണ് തന്റെ ദാസൻ ദുആയും ദാനധർമ്മങ്ങളും മുഖേന തന്റെ സാമീപ്യം പ്രാപിക്കാൻ ശ്രമിക്കുന്നതെന്ന് നോക്കിയിരിക്കുകയാണ് അല്ലാഹു. പക്ഷെ, ഞാൻ പറഞ്ഞതുപോലെ ദാസന്റെ ആഗ്രഹമനുസരിച്ചുതന്നെ സംഗതി നടക്കണമെന്നില്ല. അല്ലാഹു തആല ദാസന്റെ ആഗ്രഹമനുസരിച്ച് ക്ഷണത്തിൽ ഫലം പ്രകടിപ്പിക്കുന്നില്ലെങ്കിലും ദാസന്റെ ദുആയും സദഖയും സ്വീകരിക്കുന്നുണ്ട്. മറ്റു മാർഗ്ഗങ്ങളിലൂടെ, മറ്റു സമയങ്ങളിൽ അതിന്റെ ഫലമുണ്ടാകുമ്പോൾ തന്റെ ദുആയുടെ ഫലമാണതെന്ന് ദാസന് മനസ്സിലാക്കാൻ കഴിയുന്നു. വിവിധ രീതിയിലാണ് അല്ലാഹുവിന്റെ അനുഗ്രഹം ഉണ്ടാകാൻ തുടങ്ങുന്നത്.

അതുകൊണ്ട് നമ്മുടെ പ്രവൃത്തി, ഒരു നിബന്ധനയും വയ്ക്കാതെ പരിശുദ്ധരായിക്കൊണ്ട് അവന്റെ വഴിയിൽ ത്യാഗം വരിച്ചുകൊണ്ടിരിക്കുകയും അവൻ പറഞ്ഞതുപോലെ ദാനധർമ്മങ്ങൾ ചെയ്യുകയും പശ്ചാത്തപിച്ചു മടങ്ങുകയും, ദുആയിൽ ശക്തിചെലുത്തുകയും അവന്റെ സാമീപ്യം പ്രാപിക്കുന്നതിന് പരിശ്രമിച്ചുകൊണ്ടിരിക്കുകയും ചെയ്യുക എന്നതാണ്. അവന്റെ തൃപ്തി കരസ്ഥമാക്കുക എന്നതു മാത്രമായിരിക്കണം നമ്മുടെ പ്രവൃത്തി. ദാനധർമ്മങ്ങളും ചന്ദയും കൊടുത്തതിനുശേഷവും, ഒരിക്കലും ഒരുവിധത്തിലുള്ള അഹങ്കാരമോ അഹംഭാവമോ നാട്യമോ നമ്മളിലുണ്ടാകാൻ പാടില്ല. മറിച്ച് അതീവ വിനയത്തോടെ എപ്പോഴും അല്ലാഹുവിന്റെ മുമ്പിൽ പ്രണമിച്ചുകൊണ്ടിരിക്കണം. അല്ലാഹു വലിയ ലജ്ജയുള്ളവനാണെന്ന് നബി (സ) പറഞ്ഞിരിക്കുന്നു. അവൻ വലിയ ഉദാരനും ദാനശീലനുമാണ്.

ദാസൻ അല്ലാഹുവിന്റെ മുമ്പിൽ കൈ നീട്ടുമ്പോൾ, വെറും കൈയോടെ അവനെ മടക്കുന്നതിൽ അല്ലാഹു ലജ്ജിക്കുന്നു. ദാസൻ അല്ലാഹുവിന്റെ തൃപ്തിക്കായി പ്രാർത്ഥിക്കുകയും ദാനധർമ്മങ്ങൾ കൊടുക്കുകയും അവന്റെ മാർഗ്ഗത്തിൽ ചെലവഴിക്കുകയും അവന്റെ സാമീപ്യവും പ്രീതിയും കരസ്ഥമാക്കാൻ ശ്രമിക്കുകയും അവന്റെ ചില ഗുണങ്ങൾ സ്വായത്തമാക്കാൻ യത്നിക്കുകയും ചെയ്യുമ്പോൾ, സകല ഗുണങ്ങളിലും തികവുറ്റവനായ അല്ലാഹു തനിക്കുവേണ്ടി ദാസൻ ചെയ്ത പ്രവർത്തനത്തിന് പ്രതിഫലം നല്കാതിരിക്കുകയും അവന്റെ പ്രാർത്ഥന സ്വീകരിക്കാതിരിക്കുകയും ചെയ്യുന്നതെങ്ങനെ? എന്നാൽ, നമ്മുടെ ഇഷ്ടത്തിനനുസരിച്ച് തന്നെ ആ പ്രതിഫലം കിട്ടിക്കൊള്ളണമെന്നില്ല. അതുകൊണ്ടാണ് അല്ലാഹു വെറും കൈയോടെ തന്റെ ദാസന്മാരെ മടക്കുമെന്ന് നിങ്ങൾ കരുതരുതെന്ന് നബി (സ) പറഞ്ഞത്. നിങ്ങൾ പരിശുദ്ധരായിക്കൊണ്ട് അവനോടു പ്രാർത്ഥിച്ചാൽ അവനൊരിക്കലും അത് മുടക്കുകയില്ല. പരിശുദ്ധരായിക്കൊണ്ട് അവന്റെ മുമ്പിൽ പ്രണമിക്കുന്നവരും അവന്റെ തൃപ്തി കരസ്ഥമാക്കുന്നവരും അവനുവേണ്ടി ത്യാഗങ്ങൾ വരിക്കുന്നവരുമായിത്തീരാൻ അല്ലാഹു നമ്മെ അനുഗ്രഹിക്കുമാറാകട്ടെ. നിബന്ധനവെച്ചുകൊണ്ട് ചന്ദകളും ദാനധർമ്മങ്ങളും കൊടുക്കുന്നവരാകാതിരിക്കട്ടെ.

ദാനധർമ്മങ്ങളും പ്രാർത്ഥനയും പ്രതിപാദിക്കുന്ന ചില ഹദീസുകളാണ് ഇനി പറയുന്നത്.

സഈദ് ബിൻ അബീബുർദ, തന്റെ പിതാവിൽനിന്നും പിതാമഹനിൽനിന്നും നിവേദനം ചെയ്യുന്നു. നബി (സ) തിരുമേനി പറഞ്ഞു: സദഖ കൊടുക്കേണ്ടത് ഓരോ മുസൽമാനും നിർബന്ധമാണ്. അല്ലാഹുവിന്റെ റസൂലേ, ഒരാളുടെ കൈയിൽ ഒന്നുമില്ലെങ്കിൽ അയാൾ എന്തു ചെയ്യുമെന്ന് അപ്പോൾ സ്വഹാബത്ത് ചോദിച്ചു. അവിടന്ന് പറഞ്ഞു: അയാൾ തന്റെ കൈകൊണ്ട് തൊഴിൽ ചെയ്യട്ടെ. അയാൾക്കതിന് കഴിവില്ലെങ്കിൽ എന്തുചെയ്യണമെന്ന് ചോദിക്കപ്പെട്ടു. നബി (സ) പറഞ്ഞു: അയാൾ തന്റെ അടുത്ത ബന്ധുവായ ആവശ്യക്കാരനെ സഹായിച്ചുകൊള്ളട്ടെ. അതിനും ഒരാൾക്ക് കഴിവില്ലെങ്കിൽ എന്ത് ചെയ്യണമെന്ന് സ്വഹാബത്ത് ചോദിച്ചു. നബി (സ) തിരുമേനി പറഞ്ഞു: അയാൾ നല്ല കാര്യങ്ങളനുസരിച്ച് പ്രവർത്തിക്കുകയും ചീത്തകാര്യങ്ങൾ തടയുകയും ചെയ്യട്ടെ. ഇത് അയാളുടെ സദഖയാണ്.

ഇതെല്ലാം പറഞ്ഞിട്ടുള്ളത് ത്യാഗങ്ങളുടെ വികാരം പ്രചോദിപ്പിക്കുന്നതിനും അല്ലാഹുവിന്റെ

തൃപ്തി കരസ്ഥമാക്കുന്നതിനും വേണ്ടി യത്നിക്കാനാണ്. ഇതിൽ സ്വഹാബത്തിന്റെ നിറമെന്തായിരുന്നു? ഒരു നിവേദനത്തിൽ വന്നിരിക്കുന്നു. ഹസ്റത്ത് അബൂഹുറയ്റ(റ) നിവേദനം ചെയ്യുന്നു. നബി (സ) തിരുമേനി പറഞ്ഞു: ഞാൻ തീർച്ചയായും സദഖ കൊടുക്കുമെന്ന് ഒരാൾ പറഞ്ഞു. അങ്ങനെ അയാൾ സദഖ കൊടുക്കാനുള്ള സാധനവുമായി വീട്ടിൽ നിന്നിറങ്ങി. ഒരു കള്ളനു കൊണ്ടുപോയി അതു കൊടുത്തു. (രാത്രിയിൽ അയാൾക്ക് ആരാണെന്ന റിയില്ലായിരുന്നു. അതുകൊണ്ട് കള്ളന്റെ കൈയിലാണ് വെച്ചു കൊടുത്തത്) നേരം വെളുത്തപ്പോൾ ആളുകൾ, ഒരു കള്ളന് സദഖ നല്കപ്പെട്ടു എന്ന നിലയിൽ സംസാരിക്കാൻ തുടങ്ങി. അപ്പോൾ അയാൾ പറഞ്ഞു: അല്ലാഹുവേ, സകല സ്തുതിയ്ക്കും അർഹൻ നീ തന്നെയാണ്. ഞാൻ തീർച്ചയായും സദഖ കൊടുക്കുന്നതാണ്. അങ്ങനെ അയാൾ വീണ്ടും സദഖ കൊടുക്കാനുള്ള സാധനവുമായി ഇറങ്ങി. ആ രാത്രി ഒരു സ്ത്രീയെ കണ്ടു. അവൾ ദുർനടപ്പുകാരിയായിരുന്നു. ആ സദഖ അവൾക്കു കൊടുത്തു. (അയാൾക്കറിയില്ലായിരുന്നു അവൾ ദുർനടപ്പുകാരിയാണെന്ന്.) രാവിലെ ആളുകൾ, ഇന്നലെ രാത്രി ഒരു വ്യഭിചാരിണിയ്ക്ക് സദഖ നല്കപ്പെട്ടു എന്ന് പറഞ്ഞ് സംസാരിക്കാൻ തുടങ്ങി. അപ്പോൾ അയാൾ പറഞ്ഞു: അല്ലാഹുവേ, സർവ സ്തുതിയ്ക്കും നീ അർഹനാണ്. ഞാൻ സദഖ നല്കിയത് ഒരു വ്യഭിചാരിണിയ്ക്കാണോ? ഞാൻ വീണ്ടും സദഖ കൊടുക്കുന്നതാണ്. അയാൾ സദഖ കൊടുക്കാനുള്ള സാധനവുമായി വീണ്ടും ഇറങ്ങി. ഈ പ്രാവശ്യം സമ്പന്നനായ ഒരു മനുഷ്യനാണ് സദഖ കൊടുത്തത്. ആളുകൾ രാവിലെ അതിനെക്കുറിച്ചും പരസ്പരം സംസാരിക്കാൻ തുടങ്ങി; ഇന്നലെ സമ്പന്നനായ ഒരാൾക്ക് സദഖ നല്കപ്പെട്ടു. അപ്പോൾ അയാൾ പറഞ്ഞു: അല്ലാഹുവേ, സകല സ്തുതിയ്ക്കും അർഹൻ നീ തന്നെയാണ്. ആദ്യം ഞാൻ ഒരു കള്ളനും പിന്നീട് ഒരു വ്യഭിചാരിണിക്കും പിന്നീട് ഒരു സമ്പന്നനുമാണ് സദഖ നല്കിയത്. അയാൾ അതിൽ വളരെയധികം കുണ്ഠിതപ്പെട്ടുകൊണ്ടിരുന്നു. അപ്പോൾ അയാളുടെയടുക്കൽ ഒരാൾ വന്ന്. അയാളോടു പറഞ്ഞു: "നീ കള്ളനു കൊടുത്ത സദഖ കാരണത്താൽ, അയാൾ മോഷണത്തിൽ നിന്ന് പിന്മാറാനിടയുണ്ട്. നീ വ്യഭിചാരിണിയ്ക്കുകൊടുത്ത സദഖ കാരണത്താൽ അവൾ വ്യഭിചാരത്തിൽ നിന്ന് പിന്മാറാനിടയുണ്ട്. നീ സമ്പന്നനുകൊടുത്ത സദഖ കാരണത്താൽ, നിന്റെ ഈ പ്രവൃത്തിയിൽനിന്ന് പാഠം ഉൾക്കൊണ്ട് അയാൾ അല്ലാഹു തനിക്കു നല്കിയ ധനത്തിൽ നിന്ന് അല്ലാഹുവിന്റെ മാർഗ്ഗത്തിൽ ചെലവഴിക്കാനും തുടങ്ങിയേക്കാം."

സദഖ തീർച്ചയായും കൊടുക്കണമെന്ന നബി (സ) യുടെ വാക്കുകേട്ടുകൊണ്ട് സ്വഹാബത്ത് അതിൽ വ്യാപൃതരാകാറുണ്ടായിരുന്നു. ചിലപ്പോൾ തെറ്റായ പാതയിൽ സഞ്ചരിക്കുന്നവർക്കും സദഖ കൊടുക്കുമായിരുന്നു. അതിൽ നിന്ന് എന്തെങ്കിലും കരസ്ഥമാക്കണമെന്ന ചിന്ത അവർക്കുണ്ടായിരുന്നില്ല. അവരുടെ ചിന്ത അല്ലാഹുവിന്റെ തൃപ്തി കരസ്ഥമാക്കണമെന്നതു മാത്രമായിരുന്നു. അതിനായി തന്നെയാണ് ആരുമറിയാതിരിക്കാൻ രാത്രിയിൽ അവർ ഇറങ്ങിയിരുന്നതും. മറ്റുള്ളവരെ കാണിക്കാൻ വേണ്ടി ദാനധർമ്മം ചെയ്യാമെന്ന തോന്നലും ഉണ്ടാകരുത്. മറിച്ച് അല്ലാഹുവിന്റെ തൃപ്തി കരസ്ഥമാക്കുന്നതിനുവേണ്ടിമാത്രം അവർ ആ പ്രവൃത്തി ചെയ്യാനാഗ്രഹിച്ചിരുന്നു. അയാളുടെ ഈ വിഷമം കണ്ടുംകൊണ്ട് അല്ലാഹു അയാളെ സമാധാനിപ്പിക്കുന്നതിനുവേണ്ടി 'അർഹരായവർക്ക് നിന്റെ സദഖ എത്തിയില്ലെങ്കിൽ തന്നെ നിനക്ക് പ്രതിഫലം കിട്ടുകയില്ലെന്ന് നീ ധരിക്കണ്ട, അതിനും പ്രതിഫലം കിട്ടു'മെന്നറിയിച്ചു. കാരണം നിന്റെ സദഖ എത്തിയിട്ടുള്ളവരിൽ പരിശുദ്ധമായ മാറ്റമുണ്ടായേക്കാം. അല്ലാഹു തനിക്കുവേണ്ടി ചെയ്ത ഒരു പ്രവൃത്തിക്കും പ്രതിഫലം നല്കാതിരിക്കുകയില്ല.

മറ്റൊരു നിവേദനത്തിൽ വന്നിരിക്കുന്നു. ഹസ്റത്ത് അബൂഹുറയ്റ (റ) നബി (സ) തിരുമേനിയിൽനിന്ന് നിവേദനം ചെയ്യുന്നു. ദാഹം കലശലായ കാരണത്താൽ ഒരു നായ തണുത്ത മണ്ണ് നക്കുന്നത് ഒരാൾ കണ്ടു. അയാൾ തന്റെ ഷൂ ഊരി വെള്ളം കോരി യെടുത്ത് ആ നായയ്ക്ക് ദാഹം തീരുവോളം കൊടുത്തു. അപ്പോൾ അല്ലാഹു തന്റെ ദാസനെ ആദരിച്ച് സ്വർഗ്ഗത്തിൽ പ്രവേശിപ്പിച്ചു.

അത്യാഗ്രഹവും അതിമോഹവും കൂടാതെ, ആവശ്യം കണക്കിലെടുത്തുകൊണ്ട് നായയ്ക്ക് പോലും വെള്ളം കൊടുത്തപ്പോൾ അല്ലാഹു തആല അതിനും പ്രതിഫലം നല്കി. ഇതെല്ലാം അല്ലാഹുവിന്റെ കാരുണ്യത്തിന്റെ കാഴ്ചയാണ്. മനുഷ്യന്റെ പ്രവൃത്തിയനുസരിച്ച് അല്ലാഹുതആല അവനോട് പെരുമാറുന്നു.

സദഖയെ സംബന്ധിച്ച് നബി (സ) തിരുമേനിയുടെ പരിശുദ്ധ ഭാര്യമാരുടെ നിവേദനങ്ങളും വന്നിട്ടുണ്ട്; നബി(സ)യെ കാണാനും നബി(സ)യുടെ സാമീപ്യം അധികം കരസ്ഥമാക്കാനും എത്രമാത്രം വലിയ ആഗ്രഹമാണ് അവർക്കുണ്ടായിരുന്നത്. തങ്ങൾക്കുമുമ്പേ നബി(സ) വഫാത്തായാൽ എത്രയും വേഗം നബി(സ)യുമായി കണ്ടുമുട്ടണമെന്നും അവർക്ക് ആഗ്രഹമുണ്ടായിരുന്നു. ഇതിനായി ഒരിക്കൽ അവർ നബി (സ) യോടു ചോദിച്ചു: അല്ലാഹുവിന്റെ റസൂലേ! ഞങ്ങളിലാരാണ് അങ്ങയുമായി ആദ്യം കണ്ടുമുട്ടുന്നത്? റസൂലുല്ലാഹി (സ) പറഞ്ഞു: ഏറ്റവുമധികം കൈനീളമുള്ളവളായിരിക്കും എന്നെ ആദ്യം കണ്ടുമുട്ടുക. ഭാര്യമാർ തങ്ങളുടെ കൈ അളന്നു നോക്കാൻ തുടങ്ങി. ഹസ്റത്ത് സൗദ (റ) യുടെ കൈയ്ക്കായിരുന്നു ഏറ്റവുമധികം നീളമുണ്ടായിരുന്നത്. പിന്നീടാണ് നീളമുള്ള കൈ എന്നതിന്റെ

പൊരുൾ ഞങ്ങൾക്ക് മനസ്സിലായതെന്ന് ഹസ്റത്ത് ആയിശ(റ) പറയുന്നു. അതുകൊണ്ടുള്ള ഉദ്ദേശ്യം, ഏറ്റവുമധികം ദാനധർമ്മം ചെയ്യുന്നവൾ എന്നതായിരുന്നു. അവർ (ഹ: സൗദ) തന്നെയായിരുന്നു സദഖ കൊടുക്കാറുണ്ടായിരുന്നത്; അതിനെ ഇഷ്ടപ്പെട്ടിരുന്നത്. അവർ തന്നെയാണ് പരിശുദ്ധ ഭാര്യമാരിൽ ഏറ്റവുമാദ്യം നബി(സ) തിരുമേനിയെ കണ്ടുമുട്ടിയതും. ദാനധർമ്മം കൊടുക്കുന്നവളായിരിക്കും തന്നെ ആദ്യം കണ്ടുമുട്ടുന്നതെന്ന് നബി (സ) തുറന്നു പറഞ്ഞില്ല. സൂചന നല്കിയതേയുള്ളു. കാരണം സ്വാഭാവികമായും കൂടുതൽ ദാനധർമ്മം ചെയ്യുന്നയാളായിരിക്കും ആദ്യം വന്ന് തന്നെ കാണുന്നത്. ഇതു ഓരോരുത്തർക്കും അവരവരുടേതായ പ്രകൃതിയനുസരിച്ചാണ്. ചിലർ കുറച്ചുകൊടുക്കുന്നു. ചിലർ കൂടുതൽ കൊടുക്കുന്നു. പരിശുദ്ധ ഭാര്യമാർ എല്ലാവരും വളരെയധികം ദാനധർമ്മങ്ങൾ ചെയ്യുന്നവരായിരുന്നു.

ഹസ്റത്ത് അനസിബ്നുമാലിക് (റ) നിവേദനം ചെയ്യുന്നു. നബി (സ) തിരുമേനി പറഞ്ഞു: സദഖ അല്ലാഹുവിന്റെ കോപത്തെ ശമിപ്പിക്കുന്നു. ദോഷകരമായ മരണത്തെ അകറ്റുന്നു. ഏതെങ്കിലും വസ്തു കരസ്ഥമാക്കുന്നതിനുവേണ്ടിയല്ല, പാപങ്ങളുടെ പിടിയിൽ നിന്ന് രക്ഷപ്പെടുന്നതിനും ദാനധർമ്മങ്ങൾ വളരെ അത്യാവശ്യമാണ്.

മറ്റൊരു നിവേദനത്തിൽ വന്നിരിക്കുന്നു. നബി (സ) പറഞ്ഞു: 'ഒരു കാരക്കയുടെ കീറ് ധർമ്മം ചെയ്തുകൊണ്ടെങ്കിലും നരകത്തെ നിങ്ങൾ സൂക്ഷിക്കുക.'

അതായത് നിസ്സാരമായ ദാനമാണെങ്കിലും അതു ചെയ്യുക; അല്ലാഹു നിങ്ങളുടെ പാപം പൊറുക്കുന്നതിനുവേണ്ടി. സദഖ കൊടുക്കേണ്ടത് അല്ലാഹുവിന്റെ തൃപ്തി ആഗ്രഹിച്ചുകൊണ്ടുമാത്രമായിരിക്കണം.

ഹസ്റത്ത് മസീഹ് മൗഊദ് (അ) പറയുന്നു: ദാനധർമ്മങ്ങൾ കൊണ്ട് വിപത്തുകൾ അകലുന്നു എന്നത് എല്ലാ മതങ്ങളും ഐകകണ്ഠ്യേന അംഗീകരിക്കുന്ന ഒരു കാര്യമാണ്. വിപത്തുകൾ വരുന്നതിനെ സംബന്ധിച്ച് അല്ലാഹു കാലേകൂട്ടി അറിയിച്ചാൽ അത് ശിക്ഷയെ സംബന്ധിച്ചുള്ള മുന്നറിയിപ്പായ പ്രവചനമാണ്. ദാനധർമ്മങ്ങൾ ചെയ്യുന്നതുകൊണ്ടും പശ്ചാത്തപിച്ചു മടങ്ങുന്നതുകൊണ്ടും അല്ലാഹുവിലേക്ക് തിരിയുന്നതുകൊണ്ടും ശിക്ഷയെക്കുറിച്ചുള്ള പ്രവചനവും നീങ്ങിപ്പോകുന്നു. പ്രവാചകന്മാർ തങ്ങളുടെ ജനതയെ താക്കീതു ചെയ്തുകൊണ്ട് മുന്നറിയിപ്പ് നല്കി ചെയ്യുന്ന പ്രവചനവും അകന്നുപോകുന്നു. ഒരു ലക്ഷത്തിഇരുപത്തിനാലായിരം പ്രവാചകന്മാർ, ദാനധർമ്മങ്ങൾ കൊണ്ട് ബലാകൾ അകലുന്നു എന്നതിൽ വിശ്വസിക്കുന്നവരാണ്. ഹിന്ദുക്കളും മുസീബത്തുകളുണ്ടാകുമ്പോൾ ദാനധർമ്മങ്ങൾ ചെയ്യാറുണ്ട്. അതായത് അല്ലാഹുവിൽ ദൃഢ വിശ്വാസമില്ലാത്തവരും ദാനധർമ്മങ്ങൾ കൊടുക്കുന്നു. ബലാകൾ മാറാത്ത ഒന്നാണെങ്കിൽ ദാനധർമ്മങ്ങളെല്ലാം വ്യർത്ഥമാണ്.

ദാനധർമ്മങ്ങൾകൊണ്ട് ബുദ്ധിമുട്ടുകൾ അകലുന്നു എന്ന് ഇവിടെ ഹസ്റത്ത് മസീഹ് മൗഊദ് (അ) പറയുന്നുണ്ട്.

ഏതെങ്കിലും ജനതയുടെ അവസ്ഥ കണ്ടുകൊണ്ട് പ്രവാചകന്മാർ അവരുടെ നാശത്തെക്കുറിച്ച് പ്രവചനം ചെയ്താൽ പോലും, - വാസ്തവത്തിൽ പ്രവാചകന്മാർക്ക് അറിയിപ്പുണ്ടാകുന്നത് അല്ലാഹുവിൽനിന്നാണ്, അവരത് ജനങ്ങളിലേക്കെത്തിക്കുന്നു എന്നുമാത്രം - ജനത ദുആചെയ്യുകയും ദാനധർമ്മങ്ങൾ കൊടുക്കുകയും ചെയ്താൽ, അല്ലെങ്കിൽ അതിലേക്കു ശ്രദ്ധിച്ചാൽ ആ പ്രവചനവും നീങ്ങിപ്പോകുന്നതാണ്. നബിയുടെ പ്രവചനങ്ങൾ നീങ്ങിപ്പോകുമെന്നാണെങ്കിൽ, (അവരാണെങ്കിൽ നേരിട്ട് അല്ലാഹുവിൽ നിന്നും അറിവുകിട്ടിയാണ് പ്രവചനം ചെയ്യുന്നത്) സാധാരണ കാര്യങ്ങളിലുണ്ടായിക്കൊണ്ടിരിക്കുന്ന പ്രയാസങ്ങളും അല്ലാഹു തആല തീർച്ചയായും തന്റെ വാഗ്ദാനമനുസരിച്ച് നീക്കിക്കളയുന്നതാണ്.

ദുആകളും ദാനധർമ്മങ്ങളും തമ്മിൽ പരസ്പരം അഗാധമായ ബന്ധമുണ്ട്. അല്ലാഹുവിന്റെ ദാസൻ നിഷ്ക്കളങ്കനായി അവന്റെ മുമ്പിൽ കുനിയുകയും അവനോട് പൊറുക്കലിനെ തേടുകയും മാപ്പുചോദിക്കുകയും ചെയ്യുമ്പോൾ അവൻ അവന്റെ മേൽ കാരുണ്യത്തിന്റെയും അനുഗ്രഹത്തിന്റെയും ദൃഷ്ടി പതിപ്പിക്കുന്നു. ഹസ്റത്ത് മസീഹ് മൗഊദ് (അ) പറയുന്നു: ഒരാൾ പശ്ചാത്തപിക്കുകയും പൊറുക്കലിനെതേടുകയും ദുആ ചെയ്യുകയും ചെയ്യുമ്പോൾ അല്ലെങ്കിൽ ദാനധർമ്മങ്ങൾ കൊടുക്കുമ്പോൾ ബലാകളെ തടയുക എന്നത് അല്ലാഹുവിന്റെ തീരുമാനമാണ്. ദുആയോടുകൂടി ദാനധർമ്മങ്ങൾ കൊടുക്കുന്നതിൽ ശ്രദ്ധിക്കുമ്പോൾ, അല്ലെങ്കിൽ ദാനധർമ്മങ്ങൾ ചെയ്യുന്നതോടൊപ്പം ദുആയിലേക്ക് ശ്രദ്ധിക്കുമ്പോൾ, - കാരണം ചിലയാളുകൾ ദാനധർമ്മങ്ങൾ മാത്രമെ ചെയ്യുകയുള്ളു, ദുആകളിലേക്കും നമസ്കാരങ്ങളിലേക്കും ശ്രദ്ധ വളരെ കുറവായിരിക്കും - രണ്ടുകാര്യങ്ങളിലേക്കും ഒരുപോലെ ശ്രദ്ധിക്കുമ്പോൾ അല്ലാഹു തആല പെട്ടെന്ന് അനുഗ്രഹം ചൊരിയുന്നു. ഞാൻ പറഞ്ഞതുപോലെ ചിലയാളുകൾ ദാനധർമ്മങ്ങൾ കൊടുക്കാറുണ്ട്. ഇത് ആ കല്പനയുടെ ഒരു ഭാഗം മാത്രമാണ്. അല്ലാഹു മാലിക്ക് അഥവാ ഉടമസ്ഥനാണെന്നുള്ളത് ശരിതന്നെ. അവന് തന്റെ ദാസനെ എങ്ങനെയും അനുഗ്രഹിക്കാം, അവന് പൊറുത്തു കൊടുക്കാം. എന്നാൽ, എന്റെ കല്പനകൾ പാലിച്ചുകൊണ്ട് എന്റെ മുമ്പിൽ കുനിയുക എന്നും കല്പനയുണ്ട്. എന്നോടു ചോദിക്കുക എന്നും പറഞ്ഞിട്ടുണ്ട്. ജനങ്ങളുടെ ദുആ ഞാൻ കേൾക്കുന്നുവെന്ന് അവൻ പറഞ്ഞിരിക്കുന്നു.

'*ഉജീബു ദഅ്വത്തദാഇ ഇദാ ദആൻ*' ദുആ ചെയ്യുന്നവൻ എന്നെ വിളിച്ച് ദുആ ചെയ്യുമ്പോൾ ഞാൻ അത് സ്വീകരിക്കുന്നു. എന്നാൽ മനുഷ്യരും അതിനോടൊപ്പം പ്രവർത്തിക്കേണ്ടതുണ്ട്. ആ വിളിയോടൊപ്പം അല്ലാഹു നിർദ്ദേശിച്ചിട്ടുള്ളതുപോലെ പ്രവർത്തിക്കേണ്ടതുമാണ്. അതായത് '*ഫൽ യസ്തജീബൂ ലി വൽയുഅ്മിനൂബീ* അവർ ഞാൻ പറയുന്നതിന് ലബ്ബൈക്ക് പറയേണ്ടതാണ്. എന്നിൽ വിശ്വസിക്കേണ്ടതാണ്. ഇതിന്റെ ഫലം, *ലഅല്ലഹും യർശദൂൻ,* അവർ സന്മാർഗം പ്രാപിക്കുമെന്നതാണ്. അതുകൊണ്ട് അല്ലാഹുവുമായിട്ടുള്ള ബന്ധം നിലനിറുത്തുന്നതിനും ദുആയുടെ ബന്ധം നിലനിറുത്തുന്നതിനും സന്മാർഗത്തിൽ നിലകൊള്ളുന്നതിനും അവന്റെ അനുഗ്രഹത്തെ എന്നെന്നും സ്വരൂപിച്ചെടുക്കുന്നതിനും, വേണ്ടി അല്ലാഹുവിന്റെ എല്ലാ കല്പനകളുമനുസരിച്ച് പ്രവർത്തിക്കാൻ പരിശ്രമിക്കേണ്ടതാണ്. ഇങ്ങനെ ദുആയോടുകൂടി കല്പനകളനുസരിച്ച് പ്രവർത്തിച്ചുകൊണ്ട് ദാനധർമ്മങ്ങൾ ചെയ്യുകയും ചന്ദ കൊടുക്കുകയും ചെയ്യുമ്പോൾ അല്ലാഹു തന്റെ വാഗ്ദാനമനുസരിച്ച് നമ്മുടെ ദുആ കേൾക്കുന്നതും ആ ത്യാഗങ്ങളെ സ്വീകരിക്കുകയും ചെയ്യുന്നതാണ്. എന്നാൽ, സ്വയം ദുആ ചെയ്യുന്നതിൽ ചിലർക്ക് ഒരു ശ്രദ്ധയും ഉണ്ടാകുകയില്ല. അത്തരക്കാരായ ചിലരുമുണ്ട്. കല്പനകളാണെങ്കിൽ ചിലപ്പോൾ അംഗീകരിക്കുകയും അംഗീകരിക്കാതിരിക്കുകയും ചെയ്യും. ദാനധർമ്മങ്ങളും ചന്ദകളും എപ്പോഴെങ്കിലും കൊടുത്താൽ തന്നെ അത് മനസ്സില്ലാമനസ്സോടെയായിരിക്കും. എന്നാൽ, ബുദ്ധിമുട്ടുകൾ നേരിടുമ്പോൾ പുണ്യാത്മാക്കൾക്കോ ഖലീഫയ്ക്കോ കത്തെഴുതി, ഞങ്ങളുടെ ഈ പ്രവൃത്തി എന്തായാലും നടക്കണം എന്ന് വിചാരിക്കുന്നു. അതായത് ആ ഉത്തരവാദിത്വം അവരിൽ ഇട്ടുകൊണ്ട് എങ്ങനെയെങ്കിലും ചോദിച്ച് അല്ലാഹുവിനെകൊണ്ട് തങ്ങളുടെ കാര്യം നടത്തിച്ചുകൊടുക്കേണ്ട ജോലി അവർക്കാണെന്ന് ധരിക്കുന്നു. കത്തെഴുതി എന്നോടു സമാധാനം ചോദിക്കുന്ന ചിലയാളുകളുമുണ്ട്. അതിൽ ഹസ്റത്ത് മസീഹ് മൗഊദ് (അ) ന്റെ ഏതെങ്കിലും ഉദ്ധരണിയുമെഴുതി, സ്വന്തം നിലയിൽ വ്യാഖ്യാനിച്ചിട്ടുണ്ടാകും. അതായത് എത്രനാളായി ദുആയ്ക്കുവേണ്ടി എഴുതുന്നു, 'ഇതുവരെ എന്റെ കാര്യം സാധിച്ചിട്ടില്ല. എനിക്കു വേണ്ടി ദുആ ചെയ്യുക എന്നത് താങ്കളുടെ കടമയാണ്. സ്വന്തം ഉത്തരവാദിത്വത്തിലേക്ക് താങ്കൾ ശ്രദ്ധിക്കേണ്ടതാണ്.' ഇങ്ങനെ സ്ഥിരമായി പരാതി പറയുന്നു.

എനിക്കു ഖലീഫത്തുൽ മസീഹ് അവ്വലിന്റെ ഒരു ഉദ്ധരണി ലഭിച്ചിട്ടുണ്ട്. ഇതിൽനിന്ന് എനിക്കു മനസ്സിലായത് ഈ പ്രവണത പുതിയതല്ല, എക്കാലത്തും ഇതുപോലെ ഉണ്ടായിട്ടുണ്ടെന്നാണ്. വളരെ നല്ലൊരു ഉദ്ധരണിയാണിത്. ഖലീഫത്തുൽ മസീഹ് അവ്വലിനോടും ആരോ ഈ രീതിയിൽ സംസാരിച്ചിട്ടുണ്ടെന്നാണ് തോന്നുന്നത്. അതുകൊണ്ടാണ് അവിടന്ന് ഇങ്ങനെ പ്രതികരിച്ചത്. പറയുന്നു:

"ഞാൻ അല്ലാഹുവിന്റെ ഏജന്റാണെന്ന് മനസ്സിലാക്കിക്കൊണ്ട് ചിലർ ദുആയ്ക്കുവേണ്ടി എഴുതുന്നു. എന്തായാലും അവരുടെ കാര്യം സാധിപ്പിച്ചുകൊടുക്കുമെന്നാണ് അവർ ധരിക്കുന്നത്. നല്ല വണ്ണം ഓർമിച്ചുകൊള്ളുക; ഞാൻ ഏജന്റല്ല. ഞാൻ അല്ലാഹുവിന്റെ ഒരു വിനീതദാസനാണ്." (ഈ മറുപടിയാണ് ഇത്തരം കത്തുകൾ എനിക്കെഴുതുന്നവർക്കും ഉള്ളത്) അതേ! അല്ലാഹുവിന്റെ മുന്നിൽ കിഴിഞ്ഞ് അപേക്ഷിക്കുക എന്നത് എന്റെ ജോലിയാണ്.

പിന്നീട് പറഞ്ഞു: "ജമാഅത്തിലെ ചിലയാളുകൾ ദുആ ചെയ്യിപ്പിക്കുന്നതിനുള്ള അപേക്ഷയിലും ശിർക്കിന്റെ പരിധിയിലേക്കെത്തുന്നു. ഓർമിച്ചുകൊള്ളുക, അല്ലാഹുവല്ലാതെ നിങ്ങൾക്ക് ഒരാരാധ്യനുമില്ല. വേണ്ടും പ്രകാരം കാര്യം നിയന്ത്രിക്കുന്നവൻ മറ്റാരുമില്ല. അദൃശ്യകാര്യങ്ങൾ എനിക്കറിയില്ല. ഞാൻ മലക്കല്ല. എന്റെ ഉള്ളിലിരുന്ന് മലക്കു സംസാരിക്കുന്നുമില്ല. അല്ലാഹുവാണ് നിങ്ങളുടെ ആരാധ്യൻ. നിങ്ങളും നമ്മളെല്ലാവരും അവനെ ആശ്രയിച്ചു നില്ക്കുന്നവരാണ്; രഹസ്യമാണെങ്കിലും പരസ്യമാണെങ്കിലും. അവന്റെ ശക്തി വളരെ വിശാലമാണ്. അവന്റെ നിയന്ത്രണം വളരെ വലിയതാണ്. അവനിച്ഛിക്കുന്നത് അവൻ ചെയ്യുന്നു."

വീണ്ടും അവിടന്ന് പറഞ്ഞു: "അല്ലാഹുവിന്റെ അറിവ് മാത്രം പൂർണ്ണമാണ്. അവന്റെ നിയന്ത്രണം പൂർണ്ണമാണ്. അവന്റെ മുമ്പിൽ സുജൂദ് ചെയ്യുക. അവനോടു ദുആ ചെയ്യുക. നോമ്പ്, നമസ്കാരം, ദുആ, ജപം, പ്രദക്ഷിണം, സുജൂദ്, ത്യാഗം തുടങ്ങിയവയൊന്നും അല്ലാഹുവിനുവേണ്ടിയല്ലാതെ മറ്റാർക്കും അനുവദനീയമല്ല."

ചിലയാളുകളുണ്ട്, അല്ലാഹുവിന്റെ അനുഗ്രഹത്താൽ അവർ ജമാഅത്തിലുള്ളവരല്ല. എന്നാൽ ചിലപ്പോൾ ചില പരാതികൾ ലഭിക്കാറുണ്ട്; അതായത് ചില സ്ത്രീകൾ ഈ ദൗർബല്യം കാണിക്കാറുണ്ട്. തങ്ങൾ പറഞ്ഞ് ദുആ ചെയ്യിക്കുന്നവരുടെ മേൽ അവർക്ക് അമിതമായ വിശ്വാസമാണുള്ളത്. അവരുടെ മാധ്യസ്ഥം മുഖേന തങ്ങളുടെ ദുആ അല്ലാഹുവിനോളമെത്തുമെന്നുപോലും അവർ ധരിക്കുന്നു.

ദുആയ്ക്ക് എന്തെങ്കിലും മാധ്യസ്ഥമുണ്ടെങ്കിൽ അതു നബി (സ) തിരുമേനി മുഖേനയുള്ള മാധ്യസ്ഥം മാത്രമാണ്. ഇതിനുപുറമെ ഒരു മാധ്യസ്ഥവുമില്ല.

പറഞ്ഞു: വിശ്വാസമില്ലാത്ത ദ്രോഹികൾ ജനങ്ങളുടെയിടയിൽ ശിർക്കിന്റെ - ബഹുദൈവാരാധനയുടെ കാര്യങ്ങൾ തള്ളിക്കയറ്റി. പറയുന്നു: ഖബ്റുകളുടെയടുത്തുപോയി ഞാൻ അല്ലാഹുവിന്റെ മുന്നിൽ അപേക്ഷിക്കുന്നുവെന്ന് ഖബ്ർവാസികളോട് പറയാൻ പറയുന്നു. അല്ലാഹുവിന്റെ അനുഗ്രഹ

ത്താൽ ഈ ഉദ്ദേശ്യത്തോടെ ഖബ്റിന്റെയടുത്ത് ആരും പോകാറില്ല. എന്നാൽ, ഞാൻ പറഞ്ഞതു പോലെ ജീവിച്ചിരിക്കുന്ന ആളുകളുടെയടുത്ത് പോയി അയാളില്ലെങ്കിൽ തങ്ങളുടെ കാര്യം നടക്കുകയില്ലെന്ന് ധരിക്കുന്നു. ഇതു സംബന്ധിച്ച് ഇതിനു മുമ്പും ഒരിക്കൽ ഞാൻ തുറന്നു പറഞ്ഞിട്ടുള്ളതാണ്. പറഞ്ഞു: ഇസ്‌ലാം ഇത്തരം ദുആ നമ്മെ പഠിപ്പിച്ചിട്ടില്ല. ഓർമിക്കുക, ആരെക്കൊണ്ടാണോ ദുആ ചെയ്യിക്കുന്നത് അല്ലാഹു അയാളുടെ ദുആ സ്വീകരിക്കുന്നുവെന്ന വിശ്വാസമുണ്ടാകേണ്ടതാണ്. എന്നാൽ, അതിനു മുമ്പേ സ്വയം തന്നെക്കുറിച്ചു തന്നെയും ചിന്തിക്കേണ്ടിവരും. സ്വന്തം അവസ്ഥയും മാറ്റേണ്ടിവരും. അല്ലാതെ ആരെക്കൊണ്ടാണോ ദുആ ചെയ്യിക്കുന്നത് അയാളെ ഇപ്രകാരം പരീക്ഷണത്തിൽ ഇടരുത്. സ്വയം അല്ലാഹുവിന്റെ മുമ്പിൽ കുനിയേണ്ടി വരും. അപ്പോഴാണ് ഈ രണ്ട് ദുആകളും ഒന്നുചേർന്ന്, അതായത് ആരെക്കൊണ്ടാണോ ദുആ ചെയ്യിക്കുന്നത് അയാളുടെ ദുആയും സ്വയം ചെയ്യുന്ന ദുആയും ഒന്നുചേർന്ന് അല്ലാഹുവിന്റെ കാരുണ്യത്തെ ആവേശം കൊള്ളിക്കുന്നത്. ചില പ്പോൾ അല്ലാഹു വേറൊരു രീതിയിലും ദുആ സ്വീകരിക്കുന്നു. മനുഷ്യൻ ചോദിക്കുന്നതു പോലെതന്നെ അംഗീകരിച്ചുകൊള്ളണമെന്നില്ല. ഹസ്റത്ത് മസീഹ് മൗഊദ് (അ) പറയുന്നു: ദൈവവിധിയ്ക്ക് ദുആയുമായി വളരെ വലിയ ബന്ധമുണ്ട്. (തലക്കുമീതെ) തൂങ്ങി കിടക്കുന്ന വിധി ദുആ മുഖേന മാറിപ്പോകുന്നു. പ്രയാസങ്ങളുണ്ടാകുമ്പോൾ ദുആ തീർച്ചയായും സ്വാധീനം ചെലുത്തുന്നു. ദുആയെ നിഷേധിക്കുന്നവർക്ക് ഒരു വഞ്ചനപറ്റിയിരിക്കുകയാണ്. വിശുദ്ധ ഖുർആൻ ദുആയുടെ രണ്ടു വശം വിവരിച്ചിരിക്കുന്നു. ഒരു വശത്ത് അല്ലാഹു തന്റെ കാര്യം അംഗീകരിപ്പിക്കാനാഗ്രഹിക്കുന്നു. മറുവശത്ത് മനുഷ്യരുടെ കാര്യങ്ങൾ അംഗീകരിക്കുന്നു. '*വല നബ്‌ലുവന്നക്കും ബിശയ്ഇൻ മിനൽ ഖൗഫി വൽ ജൂഅ്.* ' ഇതിൽ തന്റെ അവകാശമാണ് വെച്ചിട്ടുള്ളത്. അതായത് ഭയവും വിശപ്പും കൊണ്ട് പരീക്ഷിക്കുമെന്ന് അല്ലാഹു പറയുന്നു. ഇതിൽ തന്റെ അവകാശം വെച്ചുകൊണ്ട് അംഗീകരിപ്പിക്കാനാഗ്രഹിക്കുകയാണ്. '*നൂനെ സക്കീല*' മുഖേന പ്രകടിപ്പിച്ചിട്ടുള്ള താക്കീതുകൊണ്ട് അല്ലാഹു ഉദ്ദേശിക്കുന്നത് '*ഖസായെ മുബർഹം*' വെളിവാക്കുക എന്നതാണ്. അതായത് അചഞ്ചലമായ വിധി. ഇതിന്റെ ചികിത്സ '*ഇന്നാലില്ലാഹി വഇന്നാ ഇലയ്ഹി റാജിഊൻ*' ആണ്. അല്ലാഹു അംഗീകരിക്കാനാഗ്രഹിപ്പിക്കുന്ന നേരത്ത് ഇതുതന്നെയാണ് അതിന്റെ ചികിത്സ. അവന്റെ തൃപ്തിയിൽ തൃപ്തരാകുക. അല്ലാഹുവിന്റെ അനുഗ്രഹത്തിന്റെയും കരുണയുടെയും തിരമാലകൾ അടിച്ചുയരുന്നതിന്റേതാണ് രണ്ടാമത്തെ സമയം. അത് '*ഉദ്ഊനീ അസ്തജബലക്കും*' എന്നതാണ്. എന്നെ വിളിക്കുക, ഞാൻ നിങ്ങളുടെ പ്രാർത്ഥനയ്ക്ക് ഉത്തരം നല്കുന്നതാണ്. രണ്ടു കാര്യങ്ങളാണെന്ന് വ്യക്തമാക്കിയിരിക്കുന്നു. ഒന്ന് സ്വയം ചെയ്യിക്കുന്നു. വിശുദ്ധഖുർആൻ പറഞ്ഞതാണത്. രണ്ടാമത്തേത് ചിലപ്പോൾ ദാസൻ ആവേശമുണ്ടാക്കുമ്പോൾ, നിങ്ങൾ എന്നോടു പ്രാർത്ഥിക്കുക, ഞാൻ നിങ്ങളുടെ പ്രാർത്ഥന തീർച്ചയായും സ്വകരിക്കുന്നതാണ് എന്ന് അല്ലാഹു പറയുന്നു.

പറഞ്ഞു: സത്യവിശ്വാസികൾക്ക് ഈ രണ്ട് സ്ഥാനത്തെക്കുറിച്ചും പൂർണ്ണമായ അറിവുണ്ടാകേണ്ടതാണ്. സാഹചര്യത്തേയും സന്ദർഭത്തേയും കുറിച്ചുള്ള തിരിച്ചറിവ് ലഭിക്കാത്തിടത്തോളം ശ്രദ്ധ ഉണ്ടാവുകയില്ലെന്ന് സൂഫികൾ പറയുന്നു. സമയത്തെ തിരിച്ചറിയാത്തിടത്തോളം സൂഫി ദുആ ചെയ്യുകയില്ലെന്ന് പറയുന്നു. ചുരുക്കത്തിൽ ദുആയുടെ ഈ വിഭജനത്തെ എപ്പോഴും ഓർമവയ്ക്കേണ്ടതാണ്. ചിലപ്പോൾ അല്ലാഹു തന്റെ കാര്യം അംഗീകരിപ്പിക്കാനാഗ്രഹിക്കുന്നു. മറ്റ് ചിലപ്പോൾ അവൻ അംഗീകരിക്കുന്നു. സുഹൃദ്ബന്ധപരമാണ് ഈ കാര്യം. നമ്മുടെ നബി (സ) തിരുമേനിയുടെ ദുആകൾ മഹത്തായ നിലയിൽ സ്വീകരിക്കപ്പെട്ടതു പോലെതന്നെ, അതിന്നെതിരിൽ ബുദ്ധിമുട്ടുണ്ടാകുമ്പോൾ അതിനെ അംഗീകരിക്കുന്നതിലും സമ്മതിക്കുന്നതിലും അവിടന്ന് ഉന്നതമായ സ്ഥാനത്തായിരുന്നു. അതായത് ഒരു ഭാഗത്ത് അല്ലാഹു അവിടത്തെ ദുആകൾ സ്വീകരിച്ചു. ദുആ സ്വീകാര്യതയുടെ മഹത്തായ കാഴ്ചകൾ കാണിച്ചു. മറുഭാഗത്ത് ബുദ്ധിമുട്ടുണ്ടായ സന്ദർഭത്തിൽ അവിടന്ന് ക്ഷമയോടെ അതു സഹിക്കുകയും സന്തോഷത്തോടെ അതംഗീകരിക്കുകയും ചെയ്തു.

വീണ്ടും പറയുന്നു: ആരാണോ അവധൂതന്മാർ അഥവാ ഫക്കീർമാരുടെയും അല്ലാഹുവിന്റെ ആളുകളുടെയും അടുക്കൽ വരുന്നത്, അവരിൽ അധികം പേരും പരീക്ഷിക്കുന്നതിനുവേണ്ടിയാണ് വരുന്നത്. അവർ ദുആയുടെ യാഥാർത്ഥ്യം അറിയാത്തവരാണ്. (അവരെ പരീക്ഷിക്കാൻ നോക്കുകയാണ് ഇക്കൂട്ടർ ചെയ്യുന്നത്, അവർക്ക് ദുആയുടെ യാഥാർത്ഥ്യത്തെക്കുറിച്ച് അറിയില്ല.) അതുകൊണ്ട് പൂർണ്ണമായ ഫലമുണ്ടാകുകയില്ല. ബുദ്ധിമാനായ മനുഷ്യൻ ഇതിൽ നിന്ന് ഫലമെടുക്കുന്നു. ദുആയുടെ ഫലത്തെക്കുറിച്ച് അറിയാത്തവർ വഞ്ചനയിൽ അകപ്പെട്ടിരിക്കുകയാണ്. അവർക്ക് ദുആയുടെ വിഭജനത്തെ കുറിച്ചും അറിയില്ല. (അതായത് അല്ലാഹു ചിലപ്പോൾ സ്വീകരിക്കുന്നു മറ്റു ചിലപ്പോൾ സ്വീകരിക്കുന്നില്ല എന്നതിനെക്കുറിച്ച് അവർക്കറിയില്ല. ദുആ സ്വീകരിക്കുന്നില്ലെങ്കിൽതന്നെ തന്റെ ദാസന്മാർക്കുവേണ്ടി മറ്റുവഴികൾ ഒരുക്കിക്കൊടുക്കുന്നു.)

ഹസ്റത്ത് ഇബ്നു ഉമർ (റ) നിവേദനം ചെയ്യുന്നു. നബി(സ) തിരുമേനി പറഞ്ഞു: "നിങ്ങളിലാർക്ക് വേണ്ടിയാണോ ദുആയുടെ വാതിൽ തുറക്കപ്പെട്ടത്, അവനുവേണ്ടി കാരുണ്യത്തിന്റെ വാതിൽ തുറക്ക

പ്പെട്ടു. അല്ലാഹുവിനോട് എന്തൊന്ന് ചോദിക്കുന്നുവോ, അതിൽ ഏറ്റവും അധികം അവൻ ഇഷ്ടപ്പെട്ടത് അവനോട് ആഫിയത് അഥവാ സൗഖ്യം ചോദിക്കുന്നതിനെയാണ്." നബി (സ) പറഞ്ഞു, വന്നുകഴിഞ്ഞിട്ടുള്ള പരീക്ഷണങ്ങൾക്കും വന്നിട്ടില്ലാത്ത പരീക്ഷണങ്ങൾക്കും ദുആ ഫലം പ്രദാനം ചെയ്യുന്നു. അല്ലാഹുവിന്റെ ദാസരേ! നിങ്ങൾ ദുആ ചെയ്യേണ്ടത് നിർബന്ധമാണ്.

മറ്റൊരു നിവേദനത്തിൽ നബി (സ) പറഞ്ഞു: "നന്മയല്ലാതെ മറ്റൊരു വസ്തുവും ആയുസ്സ് വർധിപ്പിക്കുകയില്ല. ദൈവവിധിയെ ദുആയല്ലാതെ മറ്റൊന്നും നീക്കുകയുമില്ല. മനുഷ്യൻ താൻ ചെയ്ത തിന്മ കാരണത്താൽ ജീവിത വിഭവത്തിൽനിന്ന് പിന്തള്ളപ്പെടുന്നു."

മറ്റൊരു നിവേദനത്തിൽ വന്നിരിക്കുന്നു. അവിടന്ന് പറഞ്ഞു: "അല്ലാഹുവിന്റെ പക്കൽ ദുആയെക്കാൾ ആദരണീയമായ മറ്റൊരു കാര്യവുമില്ല."

പരിശുദ്ധ ഹൃദയത്തോടെ അല്ലാഹുവിന്റെ സന്നിധിയിൽ കുനിയുമ്പോൾ - ഞാൻ പറഞ്ഞതനുസരിച്ച് എന്റെ ദാസൻ പ്രവർത്തിക്കുകയാണെങ്കിൽ ഞാൻ തീർച്ചയായും വിളിക്കേൾക്കുന്നവനാണെന്ന് അല്ലാഹു പറഞ്ഞതുപോലെ - ദുആ കേൾക്കുന്നതാണ്. നമ്മൾ വിലയിരുത്തിക്കൊണ്ടിരുന്നാൽ, അല്ലാഹു പറഞ്ഞ എത്ര കാര്യങ്ങളനുസരിച്ചാണ് നാം പ്രവർത്തിക്കുന്നതെന്ന് മനസ്സിലാകുന്നതാണ്. ഈ ആത്മ പരിശോധനയോടൊപ്പം, ദുആ സ്വീകരിക്കുന്നില്ല എന്നുള്ള നിരവധി പരാതികൾ അകലുകയും ചെയ്യും. അല്ലാഹുവിന്റെ പക്കൽ ദുആ ചെയ്യുന്നവൻ ആദരണീയനാകുന്നത് അവൻ പരിശുദ്ധനായി അല്ലാഹുവിന്റെ മുന്നിൽ കുനിയുന്നതുകൊണ്ടാണ്. അവന്റെ മുമ്പിൽ ഹാജരാകുന്നതുകൊണ്ടാണ്. അവനോട് യാചിക്കുന്നതുകൊണ്ടാണ്. നാട്യമൊന്നും അതിലുണ്ടാവുകയില്ല. അവനുവേണ്ടി ഇതൊക്കെ ചെയ്യുന്നവനാണ് ആദരണീയൻ. ഇത് രഹസ്യമായിട്ടും പരസ്യമായിട്ടും ഉണ്ടാകും.

ഹസ്റത്ത് മസീഹ് മൗഊദ് (അ) പറയുന്നു: മനുഷ്യന്റെ രക്തവുമായി കൂടിക്കലർന്ന ഒരു കീടമാണ് പാപം. അതിന്റെ ചികിത്സ ഇസ്തിഗ്ഫാർ കൊണ്ടു മാത്രമെ നടക്കുകയുള്ളു. എന്താണ് ഇസ്തിഗ്ഫാർ? സംഭവിച്ചുപോയ പാപങ്ങളുടെ ദുഷ്ഫലങ്ങളിൽനിന്ന് അല്ലാഹു സുരക്ഷിതനാക്കി വയ്ക്കുക. സംഭവിച്ചിട്ടില്ലാത്ത - എന്നാൽ, അതു സംഭവിക്കാനുള്ള ശക്തി മനുഷ്യനിലുണ്ടുതാനും - പാപം സംഭവിക്കുന്ന നേരം വരാതിരിക്കുക. അതായത് പാപം ചെയ്യാനുള്ള ശക്തി മനുഷ്യനിലുണ്ട്, പക്ഷെ അതു ചെയ്യാനുള്ള ഇടവരാതിരിക്കുക. അതിനുവേണ്ടിയും ഇസ്തിഗ്ഫാർ ചെയ്യേണ്ടതാണ്. അതു ഉള്ളിൽത്തന്നെ കത്തിയെരിഞ്ഞടങ്ങിപ്പോകണം. അതായത് ഇസ്തിഗ്ഫാർ കാരണത്താൽ അതവിടെ തന്നെ അവസാനിച്ചുപോകണം. പറഞ്ഞു: ഈ നേരം ഭയാനകമാണ്. അതുകൊണ്ട് തൗബയിലും ഇസ്തിഗ്ഫാറിലും മുഴുകുക. ആത്മ പരിശോധന നടത്തിക്കൊണ്ടിരിക്കുക. എല്ലാ മതാനുയായികളും ഗ്രന്ഥാനുസാരികളും ദാനധർമ്മങ്ങൾകൊണ്ട് ശിക്ഷ അകന്നുപോകുമെന്ന് അംഗീകരിക്കുന്നവരാണ്; എന്നാൽ, ശിക്ഷ ഇറങ്ങുന്നതിനുമുമ്പേ. ഇറങ്ങിക്കഴിഞ്ഞാൽ അതു നീങ്ങിപ്പോകുകയില്ല.

ലോകത്തിന്റെ അവസ്ഥ നമുക്കറിയാം. അവർക്കുവേണ്ടിയും നാം ദുആയും ഇസ്തിഗ്ഫാറും ചെയ്യേണ്ടതാണ്. എല്ലാ അഹ്മദികളും ഇതിൽനിന്ന് സുരക്ഷിതരായിരിക്കുമാറാകട്ടെ. അതുകൊണ്ട് നിങ്ങൾ ഇപ്പോൾ മുതൽ തന്നെ ഇസ്തിഗ്ഫാർ ചെയ്തു തുടങ്ങുക. തൗബ ചെയ്യുക; നിങ്ങളുടെ ഊഴം തന്നെ വരാതിരിക്കാൻ വേണ്ടി. അല്ലാഹു നിങ്ങളെ സംരക്ഷിക്കുമാറാകട്ടെ. അല്ലാഹു തആല നമുക്ക് അവന്റെ തൃപ്തിയും സാമീപ്യവും കരസ്ഥമാക്കുന്നതിനായി ദാനധർമ്മങ്ങളും സാമ്പത്തിക ത്യാഗങ്ങളും ചെയ്യാനും ദുആ ഇരക്കാനും തൗഫീഖ് നല്കുമാറാകട്ടെ.

ദുഃഖകരമായ ഒരറിയിപ്പുണ്ട്. ജമാഅത്തിലെ ആരണീയയും ദാനശീലയുമായ ഒരു മഹതി, മുഹ്ത്തരമ മജീദ ശാഹ്നവാസ് സാഹിബ ഇന്നലെ വഫാത്തായി. ഇന്നാലില്ലാഹി വഇന്നാ ഇലയ്ഹി റാജിഊൻ. നവാബ് മുഹമ്മദുദ്ദീൻ സാഹിബിന്റെ മകളായിരുന്നു. റബ്വയിലെ സ്ഥലം വാങ്ങുന്നതിനും അതിനുശേഷം പ്ലാനിംങ് തുടങ്ങിയവയുടെ അനുവാദത്തിനും വേണ്ടി ഒരുപാട് സേവനം ചെയ്ത ആളായിരുന്നു അദ്ദേഹം. ഹസ്റത്ത് മുസ്‌ലിഹ് മൗഊദ് (റ) അദ്ദേഹത്തിന്റെ സേവനം കാരണത്താൽ വളരെയധികം അനുമോദിച്ചിട്ടുണ്ട്. മുഹത്തരമ മജീദ ബീഗം സാഹിബായും ധനത്യാഗത്തിൽ എപ്പോഴും മുൻനിരയിൽ നിന്നിരുന്നു. ജമാഅത്തിനു ചെയ്ത സേവനത്തിന്റെ റിപ്പോർട്ട് ലജ്നഇമായില്ലായിൽ നിന്നും എനിക്കു കിട്ടിയിട്ടുണ്ട്. പിന്നീടത് പരിശോധിച്ച് ഉറപ്പുവരുത്തുന്നതാണ്. ദില്ലിയിലും കറാച്ചിയിലും ലണ്ടനിലും സദ്ർ ലജ്ന എന്ന നിലയിൽ സേവനമനുഷ്ഠിച്ചിട്ടുണ്ട്. അല്ലാഹുവിന്റെ അനുഗ്രഹത്താൽ മൂസിയായിരുന്നു. മൂന്നിലൊന്ന് വസിയ്യത്ത് ചെയ്തിരുന്നു. ജീവിതത്തിൽ തന്നെ വസിയ്യത്തിന്റെ വിഹിതവും അടച്ചുകഴിഞ്ഞിരുന്നു. ഇതിനു പുറമെ ഖലീഫമാർ വിളംബരം ചെയ്തു കൊണ്ടിരുന്ന പദ്ധതികളിലും എപ്പോഴും അത്യുത്സാഹത്തോടെ ഭാഗഭാക്കായി.

ഖിലാഫത്തെ റാബിയയുടെ പ്രാരംഭ ഘട്ടത്തിൽ ഇവരുടെ ഭർത്താവ് ചൗധരീ ശാഹ്നവാസ് സാഹിബ് മർഹൂം ബുദ്ധിശാലികളായ വിദ്യാർത്ഥികളുടെ വിദ്യാഭ്യാസത്തിനായി ഖലീഫത്തുൽ മസീഹ് റാബിഅ് (റഹ്) ന്റെ സന്നിധിയിൽ ഒരു വൻതുക കൊടുക്കാമെന്ന് വാഗ്ദാനം ചെയ്തിരുന്നു. അത് അദ്ദേഹം കൊടുത്തുകൊണ്ടിരുന്നു. അദ്ദേഹത്തിന്റെ

വഫാത്തിനുശേഷം അദ്ദേഹത്തിന്റെ ഭാര്യ മജീദ ശാഹ്നവാസ് സാഹിബയും അതു തുടർന്നു പോന്നു. തുടർന്നു പോന്നുവെന്നു മാത്രമല്ല അത് വർധിപ്പിക്കുകയും ചെയ്തു. ഈ തുകയിൽനിന്ന് അനേകം വിദ്യാർത്ഥികൾ ഫലമെടുക്കുന്നു. ഞാൻ പറഞ്ഞതുപോലെ ഒരു വിദ്യാഭ്യാസ ഫണ്ടും രൂപീകരിച്ചിരുന്നു. ലോകത്തിന്റെ വിവിധ രാജ്യങ്ങളുമായി ബന്ധം വയ്ക്കുന്ന നൂറുകണക്കിന് വിദ്യാർത്ഥികൾ, അമേരിക്കയിലോ യൂറോപ്പിലോ വന്ന് ഉന്നത വിദ്യാഭ്യാസം ഇതു മുഖേന കരസ്ഥമാക്കിക്കഴിഞ്ഞു. ഇതിനു പുറമെ ദരിദ്രരായ അനേകം വിദ്യാർത്ഥികൾക്കും ഓരോ വർഷവും താൽക്കാലികമായ സഹായം നല്കി വന്നു. ഇതു കൂടാതെ, ഈ ഫണ്ടിൽ നിന്നും ഇന്ത്യയിലേയും നേപ്പാളിലേയും ആഫ്രിക്കയിലേയും ചില സ്കൂളുകളുടെ നടത്തിപ്പിന് ഗ്രാന്റ് നല്കപ്പെടുന്നു. അവരിൽ നിന്നുള്ള തുടർന്നു കൊണ്ടേയിരിക്കുന്ന ഒരു സദഖയായിരുന്നു ഇത്. ആയിരക്കണക്കിന് വിദ്യാർത്ഥികൾ ഇതിൽനിന്ന് ഫലമെടുത്തു. അല്ലാഹു തആല അവരുടെ ഈ സദഖ ജാരിയ എന്നെന്നും നിലനിറുത്തുമാറാകട്ടെ. ഈ സദഖ ജാരിയ അവരുടെ ദർജകൾ ഉയരുന്നതിന് കാരണമായിക്കൊണ്ടിരിക്കുമാറാകട്ടെ. അവർ ദരിദ്രരോട് അങ്ങേയറ്റം ദയ കാണിക്കുകയും അവരെ സഹായിക്കുകയും ചെയ്യുമായിരുന്നു. കുടുംബത്തിലും ബന്ധുക്കളിലും അവരെ വളരെ ഇഷ്ടപ്പെട്ടിരുന്നു. ചില സ്ഥലങ്ങളിൽ കുടുംബാംഗങ്ങളെ ഒന്നിച്ച് നിറുത്തുന്നതിന് പ്രധാനപ്പെട്ട പങ്കു വഹിച്ചിട്ടുണ്ട്. എന്നെ കാണാൻ വരുന്ന അവരുടെ ബന്ധുക്കൾ അവരെക്കുറിച്ച് എപ്പോഴും പ്രശംസിച്ച് പറഞ്ഞിട്ടേയുള്ളു.

ഖിലാഫത്തിനോടും അതീവ സ്നേഹവും ആത്മാർത്ഥതയും കൂറും ഉണ്ടായിരുന്നു. ഇപ്രകാരം തന്നെ മസീഹ് മൗഊദ് (അ) ന്റെ കുടുംബത്തെ സ്നേഹിക്കുകയും അവിടത്തെ ചെറിയവരേയും വലിയവരേയും ആദരിക്കുകയും ബഹുമാനിക്കുകയും ചെയ്തിരുന്നു. സാമ്പത്തികമായി എത്രയധികം അല്ലാഹു ഇവരെ അനുഗ്രഹിച്ചുവോ അത്രയധികം വിനയം ഇവരിലുണ്ടായിരുന്നു. ഈ കാഴ്ച ഇന്ന് ഹസ്റത്ത് മസീഹ് മൗഊദ് (അ) ജമാഅത്തിൽ മാത്രമെ നമുക്ക് കാണാൻ കഴിയുകയുള്ളു. ചിലരുടെ കൈയിൽ പണം വന്നുകഴിഞ്ഞാൽ വിനയമുണ്ടാകുന്നതിനുപകരം അവരുടെ മനസ്സ് തന്നെ ദുഷിച്ചുപോകുന്നു. സാമ്പത്തികമായി സമൃദ്ധി അവരെ ദാനധർമങ്ങളിലും ജമാഅത്തിനുവേണ്ടിയുള്ള ധനത്യാഗത്തിലും കൂടുതൽ വളർത്തി. സാമ്പത്തിക ത്യാഗത്തെയും ദുആയെയും ദാനധർമ്മങ്ങളെയുംക്കുറിച്ച് ഞാൻ പറഞ്ഞ വിഷയം, അതായത് അല്ലാഹുവിന്റെ തൃപ്തിക്കുവേണ്ടി ഇതെല്ലാം ചെയ്യുക എന്ന വിഷയത്തിൽ ഇവർ ഒരു മാതൃകയായിരുന്നു. മാശാ അല്ലാഹ്. അല്ലാഹു തആല ഇവരുടെ മക്കൾക്ക്, തലമുറകൾക്കും അവരെപ്പോലെ അല്ലാഹുവിന്റെ സൃഷ്ടികളെ നോക്കുന്നതിനും തൗഫീഖ് നല്കുമാറാകട്ടെ. ജമാഅത്തിനുവേണ്ടിയുള്ള ധനത്യാഗത്തി ലും മുൻനിരയിൽ നില്ക്കാൻ തൗഫീഖ് നല്കിക്കൊണ്ടിരിക്കുമാറാകട്ടെ. ഇവരുടെ എല്ലാ നന്മകളേയും എപ്പോഴും നിലനിറുത്താൻ ഇവരുടെ മക്കൾക്കു തൗഫീഖ് നല്കുമാറാകട്ടെ.

ഹസ്റത്ത് മസീഹ് മൗഊദ് (അ) ഒരിടത്തു പറയുകയുണ്ടായി. മനുഷ്യന്റെ ഓരോ കർമ്മവും അവന്റെ മരണത്തിനുശേഷവും അതിന്റെ അടയാളങ്ങൾ ലോകത്തു നിലനിന്നാൽ അത് അവന് പ്രതിഫലത്തിനു കാരണമായിത്തീരുന്നു. വീണ്ടും പറഞ്ഞു: ഓരോ കർമ്മവും സദുദ്ദേശ്യത്തോടെ അവനുശേഷവും നിലനില്ക്കണമെന്ന നിലയിൽ ചെയ്യുകയാണെങ്കിൽ അതവന് സദഖ ജാരിയയാണ്. ഞാൻ പറയുകയുണ്ടായി, സ്കൂളുകളും ഇതു മുഖേന നടന്നുവരുന്നു. ഇതൊരു സദഖ ജാരിയയാണ്. ഇത് എന്നെന്നും നിലനില്ക്കാൻ അല്ലാഹു അനുഗ്രഹിക്കുമാറാകട്ടെ. അല്ലാഹു തആല ഇവരുടെ മക്കൾക്കും ഇതിനു തൗഫീഖ് നല്കുമാറാകട്ടെ. മാശാഅല്ലാഹ്, ഇവരുടെ മക്കളും വരുന്ന തലമുറകളും ഇവരുടെ ശിക്ഷണം കാരണത്താൽ, ജമാഅത്തിനോടും ഖിലാഫത്തിനോടും പ്രത്യേക ബന്ധമുള്ളവരാണ്. നല്ല ബന്ധം നിലനിറുത്തിപ്പോന്നു. അല്ലാഹു തുടർന്നും ഇവർക്കു തൗഫീഖ് നല്കുമാറാകട്ടെ. ഇവരുടെ മാതാപിതാക്കൾ ചെയ്ത ത്യാഗങ്ങളെ ഇവർ തുടർന്നുകൊണ്ടുപോകുമാറാകട്ടെ. ഈ ത്യാഗങ്ങൾ അവരുടെ ദർജകൾ ഉയരുന്നതിന് കാരണമായിരിക്കുമാറാകട്ടെ.

JUMUA KHUTHBA
**HADHRAT MIRZA MASROOR AHMAD**
KHALIFATHUL MASIH - V
on
26 - 11 - 2004
at
Baithul Futuh, London.

**വിവർത്തനം** : മുഹമ്മദ് ഇസ്മായീൽ H.A ആലപ്പുഴ
PHONE : 98465 02288

Page Layout & Type Set: Majlis Khuddamul Ahmadiyya, Kakkanad
Published by : **Majlis Khuddamul Ahmadiyya, Kerala** MTA യിൽ നിന്ന് തർജ്ജമ ചെയ്തത്